പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 421 — 06.02.2013-ൽ മറുപടിയ്ക്ക്

## എൽ.ഇ.ഡി. തെരുവുവിളക്കുകൾക്കുവേണ്ടിഅനെർട്ടിന് അടച്ചതുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) ബാലുശ്ശേരി നിയമസഭാ മണ്ഡലത്തിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിന് എൽ.ഇ.ഡി. തെരുവുവിളക്കുകൾ ലഭ്യമാക്കുന്നതിനുവേണ്ടി അനെർട്ടിന് എത്ര രൂപ അടച്ചിട്ടുണ്ട്; | (എ) ബാലുശ്ശേരി നിയമസഭാ മണ്ഡലത്തിലെ പനങ്ങാട് ഗ്രാമ പഞ്ചായത്തിൽ നിന്നും സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷനുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിലേക്കായി 5,48,840/- രൂപ അനെർട്ടിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) തെരുവുവിളക്കുകൾ ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; | (ബി) പ്രസ്തുത പദ്ധതി 31-03-2012-ൽ അവസാനിക്കുകയുണ്ടായി. ആയതിനാൽ ഡിപ്പോസിറ്റ് ചെയ്ത പ്രോജക്ടിൻെറ ബാക്കി തുക എങ്ങനെ വിനിയോഗിക്കാമെന്ന് ആലോചിച്ച് നടപടികൾ കൈക്കൊണ്ട് വരികയാണ്. ഈ വർഷം 1400 എൽ. ഇ. ഡി തെരുവ് വിളക്കുകൾ തെരഞ്ഞെടുക്കപ്പെട്ട 14 മുനിസിപ്പാലിറ്റികൾ വഴി സ്ഥാപിക്കുവാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. കൂടുതൽ വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |
| (സി) ഈ സാമ്പത്തികവർഷത്തിനുള്ളിൽ തെരുവുവിളക്കുകൾ നൽകാൻ കഴിയില്ലെങ്കിൽ പ്രസ്തുത തുക തിരിച്ചുനൽകുന്നതിന് നിർദ്ദേശിക്കാമോ? | (സി) സർക്കാരിൻെറ അനുമതിയോടെ ഫണ്ട് വിനിയോഗിച്ച് നടത്തുന്ന പരിപാടികൾ അതാത് പഞ്ചായത്തുകളുമായി ആലോചിച്ച് നടപ്പാക്കുന്നതാണ്. ഇത് സംബന്ധിച്ച് കൂടുതൽ വിവരം പഞ്ചായത്തുകളെ കഴിയുന്നത്ര വേഗത്തിൽ അറിയിക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ.